(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനിക്ക് ഓഹരി മൂലധനമായി 52 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രവാസി മലയാളികളുടെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ പങ്കാളിത്തമായി ഒരു കോടി രൂപ വകയിരുത്തുന്ന കാര്യവും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഗൾഫിലെ സ്വദേശിവൽക്കരണംമൂലം തിരികെയത്തുന്നവർക്ക് ഇറാഖിൽ തൊഴിലവസരങ്ങൾ നേടിക്കൊടുക്കാൻ നടപടി

151 (1462) ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണത്തിന്റെ പേരിൽ എത്ര മലയാളികൾ തിരിച്ചെത്തിയിട്ടുണ്ട് ;

(ബി) ഇതിൽ അവിദഗ്ദ്ധ തൊഴിലാളികൾ എത്ര പേർ ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഇവർക്ക് യുദ്ധാനന്തര ഇറാഖിൽ ഉണ്ടാകുന്ന തൊഴിലവസരങ്ങൾ നേടിക്കൊടുക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണത്തിന്റെ പേരിൽ മലയാളികൾ തിരിച്ചെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

ഗൾഫിലെ ഇൻഡ്യൻ എംബസികളിലെ മലയാളി ജീവനക്കാർ

152 (1463) ശ്രീ. എ. സുജനപാൽ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ ഇൻഡ്യൻ എംബസികളിൽ എത്ര മലയാളി ഉദ്യോഗസ്ഥൻമാരുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത എംബസികളിൽ കൂടുതൽ മലയാളികളെ നിയമിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടെന്തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിദേശകാര്യ മന്ത്രാലയത്തിൽ നിന്നും ഇത് സംബന്ധിച്ച കണക്കുകൾ ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) കേന്ദ്ര വിദേശകാര്യമന്ത്രി പരിഗണിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

ഇറാഖ് യുദ്ധകാലത്ത് ഇൻഡ്യൻ എയർലൈൻസ് ഫ്ളൈറ്റുകളിൽ അധിക യാത്രാക്കൂലി ഈടാക്കിയതായ പരാതി

153 (1464) ശ്രീ. എം. മുരളി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം :
ശ്രീ. പി. ടി. തോമസ് :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറാഖിലെ അമേരിക്കൻ ആക്രമണകാലത്ത് കുവൈറ്റിൽനിന്ന് നെടുമ്പാശ്ശേരിയിലേക്കുള്ള ഇൻഡ്യൻ എയർലൈൻസ് ഫ്ളൈറ്റിന് യാത്രക്കാരിൽനിന്നും കൂടുതൽ യാത്രാകൂലി ഈടാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര വീതമാണ് കൂടുതൽ ഈടാക്കിയത് ;

(സി) ഇപ്രകാരം കൂടുതൽ തുക ഈടാക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) ഈ തുക റീഫണ്ട് ചെയ്യുവാൻ ആവശ്യപ്പെടുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2003 മാർച്ച് 20, 22 തീയതികളിൽ മുംബെയിൽ നിന്നും രണ്ട് പ്രത്യേക വിമാനങ്ങൾ കുവൈറ്റിലേക്കും തിരിച്ച് മുംബെയിലേക്കും സർവ്വീസ് നടത്തുകയുണ്ടായി. പ്രസ്തുത വിമാനങ്ങളിൽ യാത്ര ചെയ്യുന്നതിന് നിശ്ചിത യാത്രക്കൂലിയേക്കാൾ 20 ശതമാനം അധികം ഈടാക്കിയിട്ടുണ്ട്. എന്നാൽ മുംബെയിൽ നിന്നും ഇൻഡ്യയുടെ മറ്റ് ഭാഗത്തേക്കുള്ള യാത്രയ്ക്ക് അധികരിച്ച

LIBRARY ARCHIVES Kerala Legislative Assembly